LIBRARY ARCHIVES Kerala Legislative Assembly

ആയുഷ് ഡോക്ടർമാരുടെ വേതനം

121 (2676) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എൻ.ആർ.എച്ച്.എം.-ന്റെ കീഴിൽ ജോലി ചെയ്യുവരുന്ന ആയുഷ് ഡോക്ടർമാരുടെ വേതനം മുന്നറിയിപ്പില്ലാതെ വെട്ടിച്ചുരുക്കിയ സാഹചര്യം എന്താണെന്നു വിശദീകരിക്കാമോ ;

(ബി) പ്രസ്തുത നടപടി പുനഃപരിശോധിക്കുവാനും മുൻകാല പ്രാബല്യത്തോടെ കാലാനുസൃതമായി ശമ്പളം വർദ്ധിപ്പിക്കുവാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര വിഹിതം കുറവായതിനാലാണ് ആയുഷ് മെഡിക്കൽ ഓഫീസർമാരുടെ ശമ്പളം വെട്ടിച്ചുരുക്കേണ്ടിവന്നത്.

(ബി) കേന്ദ്രസർക്കാരിൽനിന്നും 2014-15-ലേക്കുള്ള എൻ.എച്ച്.എം. സപ്ലിമെന്ററി PIP (Programme Implementation Plan) ഫണ്ട് ലഭിക്കുന്നമുറയ്ക്ക് ആയുഷ് മെഡിക്കൽ ഓഫീസർമാരുടെ വെട്ടിച്ചുരുക്കിയ ശമ്പളം പുനഃസ്ഥാപിക്കുന്നതാണ്.

പുതുപൊന്നാനി ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയിൽ ജീവനക്കാരെ നിയമിക്കാൻ നടപടി

122 (2677) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി മണ്ഡലത്തിലെ പുതുപൊന്നാനിയിലുള്ള ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എൻ.ആർ.എച്ച്.എം. നിയമിച്ചിരുന്ന തെറാപ്പിസ്റ്റുകളെ ഒഴിവാക്കിയതുമൂലം വലിയ പ്രയാസം നേരിടുന്ന ആശുപത്രിയിലേക്ക് ആവശ്യത്തിന് ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കാമോ ;

(സി) പ്രസ്തുത ആശുപത്രിയെ സംരക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?